# രക്ഷയും സർട്ടിഫിക്കറ്റും

T. JOHN MATHEW



# രക്ഷയും സർട്ടിഫിക്കറ്റും

By
**T. JOHN MATHEW**



| | | |
|---|---|---|
| First Edition | - | September 1985 |
| Revised Second Edition | - | December 2000 |
| Revised Third Edition | - | December 2007 |
| Revised Forth Edition | - | July 2019 |

**BIBLE STUDY CENTRE**
SANTHOSH NAGAR, MANNUTHY P.O.
THRISSUR - 680 651
KERALA
Ph : 8547371573
Whats App : 9061395910

## ആമുഖം

"നിങ്ങൾ ...................... സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്ര ന്മാരാക്കുകയും ചെയ്യും" (യോഹന്നാൻ 8:31-32) എന്നാണ് യേശുക്രിസ്തു തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു പറഞ്ഞത്. പിശകായ ധാരണകളും വിശ്വാസങ്ങളും ഒരു തരത്തിലുള്ള അടിമത്തമാണ്; അവയാൽ നയിക്കപ്പെടു ന്നവർ നാശത്തിലേക്കാണ് പോകുന്നത്.

നമുക്കിഷ്ടമില്ലാത്ത സത്യങ്ങൾ അവിശ്വസിക്കയും ഇഷ്ടകരമായ അസത്യങ്ങൾ വിശ്വസിക്കയും ചെയ്യുന്ന സ്വഭാവം വളരെ ദോഷകരമാണ്. 1912 ൽ അറ്റ്ലാന്റിക് സമുദ്രത്തിൽ 1513 പേരുടെ ജീവനൊടുക്കിക്കൊണ്ട് മുങ്ങി ത്താണ 'ടൈറ്റാനിക്' എന്ന കപ്പലിനുണ്ടായ ദുരന്തത്തിന്റെ കാരണം അതിന്റെ ക്യാപ്റ്റൻ തന്റെ ഇഷ്ടത്തിനു വിരുദ്ധമായിരുന്ന ഒരു സത്യം അംഗീകരിക്കാൻ വിസമ്മതിച്ചു എന്നതായിരുന്നു. വലിയ ഒരു മഞ്ഞുമല കുറെ ദൂരെ നിന്ന് കപ്പലിനുനേരെ ഒഴുകിവരുന്നു എന്നും അതു തട്ടിയാൽ കപ്പൽ തകരുമെന്നും അതിനാൽ കപ്പലിന്റെ ഗതി തിരിച്ചു വിടണമെന്നും കേട്ടപ്പോൾ, തന്റെ കപ്പ ലിനെ തകർക്കാനുള്ള കഴിവ് മഞ്ഞുമലയ്ക്കുണ്ടെന്ന സത്യം ആ ക്യാപ്റ്റന് ഇഷ്ടപ്പെട്ടില്ല; അത് അദ്ദേഹം അവഗണിച്ചു. മഞ്ഞുമല വന്നു മുട്ടിയാലും കുഴപ്പമൊന്നുമുണ്ടാകയില്ല എന്ന അസത്യം തനിക്കിഷ്ടകരമായിരുന്നതിനാൽ അത് അദ്ദേഹം വിശ്വസിച്ചു; അതിന്റെ ഫലമായിട്ടായിരുന്നു 1912 ഏപ്രിൽ 14-ാം തീയതി സമുദ്രയാന ചരിത്രത്തിലെ മറക്കാനാവാത്ത ആ അത്യാഹിതമുണ്ടാ യത്.

നമുക്കിഷ്ടമില്ലാത്ത ഭൗതിക സത്യങ്ങളെ അവഗണിച്ചുകൊണ്ട്, നമു ക്കിഷ്ടപ്പെട്ടതും പക്ഷേ വാസ്തവത്തിൽ തെറ്റായതുമായ കാര്യങ്ങൾ സത്യ മെന്നു പരിഗണിക്കുന്നത് ഭൗതികമായ നാശം മാത്രമേ വരുത്തി വയ്ക്കു ന്നുള്ളൂ; എന്നാൽ ദൈവവചനത്തിലെ സത്യങ്ങളോട് ഇഷ്ടക്കേടുകാണിച്ചാൽ സംഭവിക്കുന്നത് നിത്യത മുഴുവൻ നിലനിൽക്കുന്ന വലിയ നഷ്ടമോ നാശമോ ആയിരിക്കും. അതു സംഭവിക്കാതിരിക്കണമെങ്കിൽ വചനത്തിലെ സത്യങ്ങൾ ഉള്ളതുപോലെ കൃത്യമായി മനസ്സിലാക്കി അനുസരിക്കാൻ നമുക്കു സാധി ക്കണം. ആ വീക്ഷണത്തോടുകൂടി ക്രിസ്തീയ ജീവിതത്തിലെ അടിസ്ഥാന പരമായ രണ്ട് ഉപദേശങ്ങളെപ്പറ്റി നടത്തിയിട്ടുള്ള ഒരു പഠനമാണ് ഈ ചെറു പുസ്തകം. ഇത് അനേകർക്ക് പ്രയോജനകരമാക്കിത്തീർക്കുവാൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകത്തിന്റെ നാലാം പതിപ്പ് മാന്യവായനക്കാ രുടെ മുമ്പാകെ സമർപ്പിക്കുന്നു.

മണ്ണുത്തി,
15 July 19

**റ്റി. ജോൺ മാത്യു**

# രക്ഷയും സർട്ടിഫിക്കറ്റും

## 1. രക്ഷാമാർഗ്ഗം

### ക്രൂശിൽ വച്ചു രക്ഷിക്കപ്പെട്ട ആൾ

**യേ**ശുക്രിസ്തു ക്രൂശിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ പാപമോചനം പ്രാപിച്ച്, പറുദീസയിലേക്കു പോയ ദുഷ്പ്രവൃത്തിക്കാരന്റെ അനുഭവം (ലൂക്കോസ് 23:39-43) സുപ്രധാനമായ ചില വചനസത്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. എത്ര വലിയ പാപിയായ ഒരാൾക്കും യേശു മൂലമുള്ള പാപമോചനം ലഭിക്കാൻ കഴിയുമെന്ന് ആ സംഭവം തെളിയിക്കുന്നു. "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്ന് യേശു അവനോടു പറഞ്ഞതിൽനിന്ന്, രക്ഷയുടെ ഉറപ്പ് ഈ ലോകത്തിൽ വച്ചുതന്നെ ഒരു വ്യക്തിക്കു ലഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാകുന്നു. കൈകാലുകൾ ക്രൂശിനോട് ചേർത്തു തറയ്ക്കപ്പെട്ട അവസ്ഥയിൽ അനങ്ങാൻ പാടില്ലാതെ കിടന്ന ആ മനുഷ്യനു പാപമോചനം ലഭിച്ചതിൽ നിന്ന്, ഏതെങ്കിലും പുണ്യപ്രവൃത്തി ചെയ്തോ, തീർത്ഥാടനം നടത്തിയോ ഏതെങ്കിലും മതകർമ്മം അനുഷ്ഠിച്ചോ നേടേണ്ടതല്ല പാപമോചനമെന്നും അതുലഭിക്കുന്നതിന്റെ മാർഗ്ഗം മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിക്കുക മാത്രമാണെന്നും തെളിയുന്നു. കഠിനപാപിയായിരുന്നിട്ടും തന്റെ പാപപരിഹാരത്തിനായി ഒരു പ്രവൃത്തിയും അയാൾക്ക് ചെയ്യേണ്ടിവന്നില്ല എന്നതു നമ്മുടെ ദൃഷ്ടിയിൽ അത്ഭുതകരമാണ്. "കൃപയാലല്ലോ, നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" എന്ന് എഫെസ്യർ 2:8-ൽ പറഞ്ഞിട്ടുണ്ട്. അതിൻപ്രകാരമാണ് യാതൊരു പ്രവൃത്തിയും കൂടാതെ യേശുവിലുള്ള വിശ്വാസം

ഒന്നു മൂലം മാത്രം ആ ദുഷ്പ്രവൃത്തിക്കാരനു രക്ഷ ലഭിച്ചത്. രക്ഷയ്ക്കായി ഒരു പ്രവൃത്തിയും ആരും ചെയ്യേണ്ട ആവശ്യമില്ലാതായിത്തീർന്നിരിക്കുന്നതിന്റെ പിന്നിൽ വലിയൊരു സത്യമുണ്ട്: നമ്മുടെ രക്ഷയ്ക്കാവശ്യമായിരുന്നതും നമുക്കു ചെയ്യാൻ അസാധ്യമായിരുന്നതുമായ വലിയ പ്രവൃത്തി മറ്റൊരാൾ നമുക്കുവേണ്ടി ചെയ്തിരിക്കുന്നുവെന്നുള്ളതാണത്. മനുഷ്യാവതാരം ചെയ്തു ക്രൂശുമരണത്തിനു തന്നെത്തന്നെ ഏൽപ്പിച്ചു കൊടുത്തു നമ്മുടെ പാപത്തിനു പരിഹാരം വരുത്തുക എന്ന ആ പ്രവൃത്തി യേശുക്രിസ്തു ചെയ്തതിനാലാണ് രക്ഷയ്ക്കായി യാതൊരു പ്രവൃത്തിയും ഇന്നു നാം ചെയ്യേണ്ട ആവശ്യമില്ലാതിരിക്കുന്നത്. രക്ഷയ്ക്കായി പ്രവൃത്തി ഒന്നും ചെയ്യേണ്ട ആവശ്യമില്ലാതിരിക്കുമ്പോൾ ക്രൂശിക്കപ്പെട്ട രണ്ടു ദുഷ്പ്രവൃത്തിക്കാരിൽ നിന്ന് ഒരുവൻ രക്ഷിക്കപ്പെടുകയും മറ്റവൻ രക്ഷിക്കപ്പെടാതിരിക്കയും ചെയ്തതിന്റെ കാരണം കണ്ടുപിടിക്കുമ്പോഴാണ് ഒരുവൻ രക്ഷിക്കപ്പെട്ടു ദൈവമകനായിത്തീരുന്നതിന്റെ ശരിയായ മാർഗ്ഗമെന്താണെന്നു നാം മനസ്സിലാക്കുന്നത്.

## പ്രവൃത്തിയാലല്ല, വിശ്വാസത്താലാണ് നീതീകരണം

"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്" എന്നാണ് റോമർ 5:1-ൽ പറഞ്ഞിരിക്കുന്നത്. "ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്" എന്ന് റോമർ 3:24-ൽ നാം വായിക്കുന്നു. "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (അപ്പൊ. പ്രവൃ. 16:31) എന്നാണ് രക്ഷാമാർഗ്ഗമന്വേഷിച്ച കാരാഗൃഹപ്രമാണിയോടു പൗലോസപ്പോസ്തലൻ പറഞ്ഞത്. യേശുക്രിസ്തുവിനെ കൈക്കൊണ്ട്, "അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളായിത്തീരുവാൻ അവൻ അധികാരം കൊടുത്തു" എന്ന് യോഹന്നാൻ 1:12-ൽ നാം വായിക്കുന്നു. "എന്റെ വചനം കേട്ട് എന്നെ

അയച്ചവനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട് അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു" എന്ന് യോഹന്നാൻ 5:24-ലും "അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു" എന്നു യോഹന്നാൻ 3:18-ലും നാം കാണുന്നു. ദൈവമുമ്പാകെയുള്ള നീതീകരണവും ശുദ്ധീകരണവും നമുക്കു ലഭിക്കുന്നതു യാതൊരു പ്രവൃത്തിയും മൂലമല്ല, പിന്നെയോ വിശ്വാസത്താൽ മാത്രമാണെന്ന് ഈ വേദഭാഗങ്ങളെല്ലാം വ്യക്തമാക്കുന്നു; ഇതാണു സത്യം; അതുകൊണ്ടാണ്, ക്രൂശിൽ മരണം സഹിച്ചുകൊണ്ടിരുന്ന ദുഷ്പ്രവൃത്തിക്കാരന് യാതൊരു പ്രവൃത്തിയും ചെയ്യാതെ രക്ഷ ലഭിച്ചത്. അവനെ രക്ഷിച്ചത് യേശുവിൽ അവൻ അർപ്പിച്ച വിശ്വാസമാണ്; ആ വിശ്വാസം തന്നെയാണ് ഇന്നു നമ്മെയും രക്ഷിക്കുവാൻ പര്യാപ്തമായിട്ടുള്ളത്. എന്താണ് ആ ദുഷ്പ്രവൃത്തിക്കാരൻ വിശ്വസിച്ചത് എന്നു നമുക്കൊന്നു പരിശോധിക്കാം.

## രക്ഷിക്കുന്ന വിശ്വാസം

ക്രൂശിൽ വച്ചു രക്ഷിക്കപ്പെട്ട ആ വ്യക്തിയെക്കുറിച്ചു വചനത്തിൽ ഇപ്രകാരമാണ് നാം വായിക്കുന്നത്: "തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ, നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞു അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു. സമശിക്ഷാവിധിയിൽ തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്; ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു. പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ എന്നു പറഞ്ഞു. യേശു അവനോടു: ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു

പറയുന്നു എന്നു പറഞ്ഞു" (ലൂക്കോസ് 23:39-43). രണ്ടു ദുഷ്പ്രവൃത്തിക്കാരും ആദ്യം യേശുവിനെ ദുഷിച്ചു പറയുകയും പരിഹസിക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത് എന്നു മത്തായി 27:44-ൽ കാണുന്നു.എന്നാൽ യേശു ക്രൂശിക്കപ്പെട്ടപ്പോൾ നട്ടുച്ചയ്ക്കു[1] ദേശത്തെല്ലാം ഇരുട്ടുണ്ടായതും, ക്രൂശിക്കപ്പെടുന്ന എല്ലാ കുറ്റവാളികളും തങ്ങളെ ഉപദ്രവിക്കുന്ന പടയാളികളെ ചീത്ത പറയുകയും ശപിക്കുകയും ചെയ്യുക പതിവായിരുന്നപ്പോൾ അതിനു വിരുദ്ധമായി, തന്നെ ക്രൂശിക്കുന്നവരുടെ പാപം അവരോടു ക്ഷമിക്കണമേ (ലൂക്കോസ് 23:24) എന്ന് യേശു പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചതും എല്ലാം ദുഷ്പ്രവൃത്തിക്കാരിലൊരുവന്റെ കണ്ണുതുറപ്പിച്ചു; തന്റെ സമീപത്തു ക്രൂശിൽ കിടന്നു മരണം അനുഭവിക്കുന്നയാൾ വാസ്തവത്തിൽ സകല ലോകത്തിന്റെയും പാപത്തിനു പരിഹാരം വരുത്തുന്ന മശിഹാ ആണെന്നും പഴയനിയമകാലത്തെ പ്രവാചകന്മാരുടെ പ്രവചനങ്ങളനുസരിച്ചാണ് അവൻ മരണം സഹിക്കുന്നതെന്നും അയാൾ മനസ്സിലാക്കി. ദൈവപുത്രനാകയാൽ തന്റെ മരണത്തിലൂടെ പാപപരിഹാരം വരുത്തിയശേഷം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുമെന്നും രാജാധിരാജാവും കർത്താധികർത്താവുമായി അവൻ സ്വർഗ്ഗത്തിൽ നിന്നും വീണ്ടും ഭൂമിയിലേക്കുവരുമെന്നും അയാൾ വിശ്വസിച്ചു. ഈ യേശുവിന്റെ മരണത്തിൽ തന്റെ പാപത്തിന്റെ പരിഹാരമുണ്ടെന്ന് അയാൾ ഗ്രഹിക്കുകയും ഉടനെ മാനസാന്തരപ്പെടുകയും ചെയ്തു. തന്റെ കൂട്ടുകാരനോട്, "നാമോ ന്യായമായി ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്" എന്നു പറഞ്ഞതിലൂടെ, അയാൾ പാപിയാണെന്നു സ്വയം സമ്മതിച്ച് തന്റെ പാപത്തെക്കുറിച്ച് അനുതാപം പ്രകടമാക്കി. "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ

1. ആറാം മണിനേരം മുതൽ ഒമ്പതാം മണി നേരം വരെ ഇരുട്ടുണ്ടായി എന്നാണ് വചനത്തിൽ പറയുന്നത്. ഇന്നത്തെ നമ്മുടെ സമയക്കണക്കനുസരിച്ച് ഉച്ചയ്ക്കു 12 മണി മുതൽ 3 മണി വരെ എന്നാണിതിന്റെ അർത്ഥം.

ഓർത്തുകൊള്ളണമേ" എന്നു പ്രാർത്ഥിച്ചതിലൂടെ യേശുവിനെ അയാൾ തന്റെ പാപപരിഹാരകനായ രക്ഷിതാവായും തന്റെ ഹൃദയ ത്തിന്മേൽ ഭരണം (കർത്തൃത്വം) നടത്തുന്ന രാജാവായും (കർത്താ വായും) സ്വീകരിച്ച് ആ വിശ്വാസം ദൈവമുമ്പാകെ ഏറ്റുപറഞ്ഞു; ചുരുങ്ങിയ വാക്കുകളിലൂടെ തനിക്കുണ്ടായ പാപബോധവും മാന സാന്തരവും അയാൾ വെളിപ്പെടുത്തി; അതിന്റെ ഫലമായിട്ടാണ്, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്ന യേശു ക്രിസ്തുവിന്റെ വാഗ്ദത്തം അവനു ലഭിച്ചത്. താൻ സമ്പൂർണ്ണമായ പാപമോചനം പ്രാപിച്ച് നിത്യജീവനുള്ള ദൈവമകനായിത്തീർന്നു വെന്നും പറുദീസയിലേക്കാണ് പോകുന്നതെന്നുമുള്ള ഉറപ്പ് ലഭിച്ച ശേഷമാണ് അയാൾ മരിക്കാനിടയായത്. അയാൾക്കു രക്ഷ നേടി ക്കൊടുത്ത വിശ്വാസം നമ്മിലുണ്ടായാൽ നാമും രക്ഷിക്കപ്പെടുകയും നാം ദൈവമക്കളും സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരും (ഫിലിപ്യർ 3:20) ആണെന്നുള്ള ഉറപ്പ് ഈ ഭൂമിയിൽ വച്ചുതന്നെ നമുക്കും ലഭിക്കു കയും ചെയ്യും. അയാൾക്കുണ്ടായ വിശ്വാസം നമ്മിൽ ഉണ്ടാകുന്നി ല്ലെങ്കിൽ നാം എന്തെല്ലാം പ്രവൃത്തികൾ ചെയ്താലും പാപമോച നവും[2] രക്ഷയും ലഭിക്കയില്ല. അയാളെപ്പോലെ നാം യേശുവിൽ വിശ്വ സിച്ചാൽ അയാൾ ചെയ്തതുപോലെ നമ്മുടെ വിശ്വാസം നാമും ദൈവ ത്തോട് ഏറ്റുപറയും. അതുകൊണ്ടാണ്, "യേശുവിനെ കർത്താവെന്നു വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും

---

2. "പാപി" എന്ന പദം കൊണ്ടർത്ഥമാക്കുന്നത് ആദിമനുഷ്യനായ ആദാമിലൂടെ പാപ ത്തിന്റെ വാഴ്ചയ്ക്കു വിധേയനായ ആൾ എന്നാണ്; ചെറിയ പാപം ചെയ്യുന്നവരും വലിയ പാപം ചെയ്യുന്നവരും എല്ലാം പാപികൾ ആണ്; പരീക്ഷയിൽ പൂജ്യം മാർക്കു കിട്ടിയവനും പാസ്സ് മാർക്കിന് ഒന്ന് കുറവു കിട്ടിയവനും ഒരുപോലെ പരാജിതരുടെ ലിസ്റ്റിലാണല്ലോ കാണപ്പെടുന്നത്. അതുപോലെതന്നെ ചെറിയ പാപികളായാലും വലിയ പാപികളായാലും എല്ലാവരും പാപത്തിന്റെ ആധിപത്യത്തിൻ കീഴിലാണിരി ക്കുന്നത്. ആദാമിലൂടെ പാപത്തിന്റെ വാഴ്ചയ്ക്കു വിധേയരായിത്തീർന്നതിനാൽ ഒരു പാപവും ചെയ്യാതെ തന്നെത്താൻ സൂക്ഷിച്ച്, പ്രവൃത്തികളിലൂടെ നന്മയുടെ സമ്പൂർണ്ണത കൈവരിക്കാൻ ആർക്കും സാധ്യമല്ല.

ചെയ്താൽ നീ രക്ഷിക്കപ്പെടും" എന്ന് റോമർ 10:9–ൽ പറഞ്ഞിരിക്കുന്നത്. അതിനാൽ, പാപമോചനവും നിത്യജീവനും ലഭിക്കേണ്ടതിനായി ഇന്ന് ഒരുവൻ ചെയ്യേണ്ടത് താൻ പാപിയാണെന്ന സത്യം സമ്മതിച്ചുകൊണ്ട് ആത്മാർത്ഥതയോടെ ഇപ്രകാരം പ്രാർത്ഥിക്കുകയാണ്: "കർത്താവായ യേശുവേ, ഞാൻ പാപിയാണെന്നു സമ്മതിക്കുന്നു; എന്റെ പാപത്തിന്റെ പരിഹാരത്തിനായി അവിടുന്നു മനുഷ്യനായി ഈ ഭൂമിയിൽ അവതരിക്കയും എനിക്കുവേണ്ടി ക്രൂശിൽ മരണം സഹിക്കയും ചെയ്തു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെ അവിടുന്ന് എന്റെ പാപം പരിഹരിച്ചുതന്നതിനായി ഞാൻ സ്തോത്രം ചെയ്യുന്നു. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ അങ്ങയെ എന്റെ രക്ഷിതാവും ജീവിതനാഥനുമായി ഞാൻ സ്വീകരിക്കുന്നു; അവിടുന്ന് എന്റെ ഹൃദയത്തിലേക്കു വന്ന് എന്നെ ശുദ്ധീകരിക്കേണമേ; എന്നെ രക്ഷിക്കേണമേ എന്നു പ്രാർത്ഥിക്കുന്നത് എപ്പോഴാണോ അപ്പോഴാണ് അയാളുടെ പാപം മോചിച്ചുകിട്ടുന്നതും അയാൾ നിത്യജീവൻ പ്രാപിച്ച ഒരു ദൈവപൈതലായി രൂപാന്തരപ്പെടുന്നതും. പ്രാർത്ഥനാവാചകങ്ങൾ കൃത്യമായി ഈ വിധത്തിലായിരിക്കണമെന്നു വചനത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഈ വാചകങ്ങളിലെ ആശയങ്ങൾ ദൈവസന്നിധിയിലേക്ക് നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഉയർന്നെങ്കിലേ യേശു നമുക്കായി ക്രൂശിൽ വരുത്തിയ പാപപരിഹാരവും നിത്യരക്ഷയും നമുക്ക് ലഭിക്കുകയുള്ളു. അക്കാര്യം വചനത്തിൽ നിന്നു വ്യക്തമാണ്. പാപബോധമുണ്ടായി മാനസാന്തരത്തിന്റെ അനുഭവം ഹൃദയത്തിലുണ്ടായ ഒരു വ്യക്തിക്ക് ഈ പ്രാർഥനാവാചകങ്ങളിലെ ആശയങ്ങൾ സ്വന്തം വാചകങ്ങളിൽ പ്രകടിപ്പിക്കാൻ ചിലപ്പോൾ പ്രയാസം തോന്നിയെന്നുവരാം. അയാൾ ഈ പുസ്തകത്തിൽ നോക്കി വായിച്ചുകൊണ്ട് ആ വാചകങ്ങൾ അപ്രകാരം തന്നെ ആത്മാർത്ഥതയോടെ തന്റെ ഹൃദയത്തിൽനിന്നു ദൈവത്തോട് ഏറ്റു പറഞ്ഞാൽ മതി; ദൈവം അയാളുടെ ഹൃദയത്തിന്റെ ആത്മാർത്ഥത

കാണുന്നതിനാൽ അയാളുടെ ഏറ്റുപറച്ചിൽ തീർച്ചയായും സ്വീകരിക്കും. എന്നാൽ ആത്മാർത്ഥതയില്ലാതെ മന്ത്രം ജപിക്കുന്നതുപോലെ ഒരാൾ വാചകങ്ങൾ ഉരുവിട്ടാൽ യാതൊരു പ്രയോജനവുമുണ്ടാകയില്ല. ഹൃദയത്തിൽനിന്നുയരുന്ന വാക്കുകളും ആശയങ്ങളും മാത്രമാണ് ദൈവം സ്വീകരിക്കുന്നത്.

മേൽപ്പറഞ്ഞവിധം ദൈവത്തോടു പ്രാർത്ഥിക്കുന്നതിന്, ഒരാൾ ആയിരിക്കുന്ന സ്ഥലമോ, ചെയ്തുകൊണ്ടിരിക്കുന്ന ജോലിയോ, യാത്രയോ, ഒന്നും തടസ്സമല്ല; കൈകാലുകൾ അനക്കാൻ കഴിയാതെ, നിസ്സഹായാവസ്ഥയിൽ ക്രൂശിൽ കിടന്നു മരിച്ചു കൊണ്ടിരുന്നപ്പോഴാണല്ലോ ആ ദുഷ്പ്രവൃത്തിക്കാരൻ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചത്. നിങ്ങൾ ഏതവസ്ഥയിൽ എവിടെയായിരുന്നാലും ശരി, പാപബോധവും പാപപരിഹാരത്തിനുള്ള ആഗ്രഹവും നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ഒട്ടും താമസിയാതെ മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവിധം നിങ്ങൾ പാപിയാണെന്നു ദൈവമുമ്പാകെ സമ്മതിച്ചുകൊണ്ട്, പാപപരിഹാരകനായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് നിങ്ങളുടെ വിശ്വാസം ദൈവമുമ്പാകെ ഏറ്റുപറയുക; അപ്പോൾ നിങ്ങൾ ഒരു ദൈവപൈതലായിത്തീരും. ഇപ്രകാരം പ്രവർത്തിച്ചു പാപമോചനം പ്രാപിച്ച് യേശുക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി നിങ്ങൾ രൂപാന്തരപ്പെട്ടിരിക്കുന്നുവോ? എങ്കിൽ ഈ ചെറുപുസ്തകത്തിന്റെ തുടർന്നുള്ള ഭാഗവും വായിക്കുക.

# സർട്ടിഫിക്കറ്റ്

## 2. രക്ഷയുടെ ഉറപ്പ്

ഒരാൾ യേശുക്രിസ്തു മൂലമുള്ള പാപപരിഹാരം പ്രാപിച്ച് ഒരു ദൈവമകനായിത്തീരുമ്പോൾ ആത്മികമായി ഒരു രൂപാന്തരം അയാളിൽ സംഭവിക്കുന്നു; പാപത്തിന്റെ ആധിപത്യത്തിൻ കീഴിൽ ആത്മികമായി മരിച്ചു കിടന്നിരുന്ന അയാൾ ദൈവികജീവൻ ലഭിച്ച് ആത്മികമായി ഉയിർത്തെഴുന്നേൽക്കുന്നു; അതുകൊണ്ടാണ് എഫെസോസിലുള്ള ദൈവമക്കളോട്, “അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെ അവൻ (യേശുക്രിസ്തു) ഉയിർപ്പിച്ചു” എന്ന് അപ്പൊസ്തലനായ പൗലോസ് പറഞ്ഞത് (എഫെസ്യർ 2:1). യേശുക്രിസ്തുവിലൂടെ നേടിയെടുക്കുന്ന ഈ ആത്മികമായ ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ ഹൃദയത്തിൽ സംഭവിക്കുന്നതും പുറമെ കാണാനൊക്കാത്തതുമായ ഒരു പരിവർത്തനമാണ്. ഏതെങ്കിലുംവിധത്തിൽ ഇതു പുറമെ കാണാനൊക്കുന്നതായിത്തീർത്താൽ നാം പുതുതായി ദൈവത്തിൽ നിന്നു ജനിച്ചവരും സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരുമാണെന്ന ഉറപ്പ് നമുക്ക് ലഭിക്കാൻ കഴിയും. വാസ്തവത്തിൽ ഇങ്ങനെയുള്ള ഉറപ്പ് നാമോരോരുത്തർക്കും ഉണ്ടായിരിക്കത്തക്കവണ്ണം ദൈവം തന്റെ വചനത്തിലൂടെ ഒരു മാർഗ്ഗം നമുക്ക് തന്നിട്ടുണ്ട്; അതു താഴെ വിശദീകരിക്കുന്നു.

### യേശുവിലൂടെയുള്ള മരണവും ഉയിർത്തെഴുന്നേൽപ്പും

ഒരാൾ യേശുക്രിസ്തുവിനെ തന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു എന്ന് ഏറ്റുപറയുമ്പോൾ അർത്ഥമാക്കുന്നത് യേശു ക്രൂശിൽ മരിച്ചതും ഉയിർത്തെഴുന്നേറ്റതും പാപിയായ അയാ

ളുടെ സ്ഥാനത്തുനിന്നു കൊണ്ട് അയാൾക്കു പകരമായിട്ടായിരുന്നു എന്ന് അയാൾ വിശ്വസിക്കുന്നു എന്നാണ്. യേശു തന്റെ സ്ഥാനത്തു നിന്നുകൊണ്ട് തനിക്കുവേണ്ടി മരണം സഹിച്ചു എന്നു വിശ്വസിക്കു ന്നതുമൂലം യേശുവിലൂടെ അയാൾ മരണം സഹിക്കയും പാപപരി ഹാരം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. അയാളുടെ ഹൃദയത്തിൽ സംഭവിക്കുന്ന അദൃശ്യമായ[3] ഈ ആത്മികപരി വർത്തനം ദൃശ്യമാക്കിത്തീർക്കുന്ന ഒരു കർമ്മത്തെക്കുറിച്ചു വചന ത്തിൽ പറഞ്ഞിട്ടുണ്ട്. ഒരാൾക്ക് എം.എ. പരീക്ഷ പാസ്സാകുന്നതിനാ വശ്യമായ മാർക്ക് അയാളുടെ പരീക്ഷാക്കടലാസ്സിൽ നൽകപ്പെട്ടു കഴി യുന്ന നിമിഷത്തിൽത്തന്നെ അയാൾ എം.എ.ക്കാരനായിത്തീരുന്നെ ങ്കിലും ആ സത്യം അയാൾക്കു ദൃശ്യമായിത്തീരുന്നത് ഡിഗ്രി സർട്ടി ഫിക്കറ്റോ അതിനു തുല്ല്യമായ മറ്റേതെങ്കിലും രേഖയോ അയാളുടെ കയ്യിൽ കിട്ടുമ്പോൾ മാത്രമാണ്. അതുപോലെതന്നെ ഒരാൾ വിശ്വാ സത്താൽ യേശുവിലൂടെ പാപത്തിനു മരിച്ചു പാപപരിഹാരം പ്രാപിച്ച് യേശുവിലൂടെ നിത്യജീവനുള്ള പുതുമനുഷ്യനായി ഉയിർത്തെഴുന്നേ റ്റിരിക്കുന്നു എന്ന അദൃശ്യസത്യം ദൃശ്യമായിത്തീരുന്നതും ഒരു പ്രത്യേക വിധത്തിലുള്ള സർട്ടിഫിക്കറ്റിലൂടെയാണ്. ആ സർട്ടിഫി ക്കറ്റിനാണ് സ്നാനം എന്നു വചനത്തിൽ പറയുന്നത്. "സ്നാനത്തിൽ നിങ്ങൾ അവനോടു (യേശുവിനോടു) കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നുയിർത്തെഴുന്നേൽപ്പിച്ച ദൈവ ത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു" എന്ന് കൊലോസ്യർ 2:12-ൽ പറഞ്ഞിരിക്കുന്നു. "യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറി യുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി

3. അദൃശ്യം - കാണാനൊക്കാത്തത്; ദൃശ്യം - കാണാൻ കഴിയുന്നത്.

ത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" എന്ന് റോമർ 6:3-5 വരെ വാകൃങ്ങളിലും പറഞ്ഞിരിക്കുന്നു. യേശുക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും (ഉയിർത്തെഴുന്നേൽപ്പിനോടും) നാം ഏകീഭവിക്കുന്നതിന്റെ, അഥവാ യേശുവിൽ അർപ്പിച്ച വിശ്വാസം മൂലം നാം യേശുവിലൂടെ പാപത്തിനു മരിക്കയും പാപപരിഹാരം പ്രാപിച്ചു നിത്യജീവനോടുകൂടി ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിരിക്കുന്നതിന്റെ സാദൃശ്യമാണ് സ്നാനമെന്നും ആ കർമ്മം അനുഷ്ഠിക്കുമ്പോൾ യേശുവിലൂടെ നാം മരിച്ചുയിർത്തെഴുന്നേറ്റുവെന്ന അദൃശ്യമായ ആന്തരികപരിവർത്തനം (ഹൃദയത്തിൽ സംഭവിക്കുന്ന പരിവർത്തനം) ദൃശ്യമായിത്തീരുന്നുവെന്നുമാണ് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നത്. മരിച്ചയാൾ അടക്കപ്പെടുന്നതിന്റെയും അതിനുശേഷം ഉയിർത്തെഴുന്നേൽക്കുന്നതിന്റെയും സാദൃശ്യമായി സ്നാനം ഇരിക്കുന്നതിനാൽ സ്നാനപ്പെടുന്നയാളിന്റെ ശരീരം മുഴുവനും പൂർണ്ണമായി വെള്ളത്തിൽ മുങ്ങണം; മുങ്ങിക്കഴിഞ്ഞിട്ടു പുറത്തേക്കുയർത്തപ്പെടണം; അത് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുന്നതിന്റെ സാദൃശ്യമാണ്. അപ്പൊസ്തലിക കാലത്തു സ്നാനം നടത്തിയിരുന്നത് ഈ വിധത്തിലായിരുന്നു. യോഹന്നാൻ സ്നാപകൻ മാനസാന്തരസ്നാനം നടത്തിയതും ഇതേ വിധത്തിലായിരുന്നു. പ്രയാസം കൂടാതെ ശരീരം വെള്ളത്തിൽ പൂർണ്ണമായി മുങ്ങുവാനിടയാകേണ്ടതിനായി വളരെ വെള്ളം ഉണ്ടായിരുന്ന ഐനോൻ എന്ന സ്ഥലമാണ് സ്നാന ശുശ്രൂഷയ്ക്കായി അദ്ദേഹം തെരഞ്ഞെടുത്തത് എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നു. (യോഹന്നാൻ 3:23).

## കർത്താവിന്റെ കല്പ്പന

യേശുവിൽ വിശ്വസിക്കുന്ന ഏതൊരാളും മേൽവിവരിച്ച പ്രകാരം സ്നാനമേല്ക്കണമെന്നു കർത്താവു കല്പിച്ചിട്ടുള്ളതായി മത്തായി 28:19–20–ൽ നാം വായിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ യേശുവിനെ ഒരാൾ രക്ഷിതാവായി സ്വീകരിച്ചു കഴിഞ്ഞാലുടൻതന്നെ തന്റെ ഹൃദയത്തിലുണ്ടായ അദൃശ്യമായ പരിവർത്തനം ഈ കല്പനപ്രകാരം സ്നാനത്തിലൂടെ ദൃശ്യമാക്കുക പതിവായിരുന്നു. അതിനാലാണ് അപ്പൊ. പ്രവൃ. 2:41–ൽ, പത്രോസിന്റെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടവരെക്കുറിച്ച്, “അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു” എന്നും അപ്പൊ. പ്രവൃ. 8:12; 8:34–39; 9:18; 10:47–48; 16:14–15; 16:32–33; 18:8; 19:1–5 എന്നീ വചനഭാഗങ്ങളിൽ യേശുവിൽ വിശ്വസിച്ചവരെല്ലാവരും താമസിയാതെ സ്നാനമേറ്റതായും രേഖപ്പെടുത്തിക്കാണുന്നത്. പരീക്ഷ പാസ്സായ ഒരാൾക്കു തന്റെ വിജയം സർട്ടിഫിക്കറ്റിലൂടെ ദൃശ്യരൂപത്തിൽ കാണുന്നതിന് വളരെയധികം ആകാംക്ഷയുണ്ടെന്നു നമുക്കറിയാം; വിശ്വാസത്താൽ യേശുവിലൂടെ മരണം സഹിക്കയും പാപപരിഹാരം പ്രാപിച്ച് യേശുവിലൂടെ ഉയിർത്തെഴുന്നേറ്റു മരണത്തിന്റെ അധികാരിയായ സാത്താന്റെ മേൽ വിജയം വരിക്കയും ചെയ്ത ഒരാൾക്കു തന്റെ വിജയം ദൃശ്യരൂപത്തിൽ സ്നാനത്തിലൂടെ പ്രഖ്യാപിക്കുന്നതിനും ഇപ്രകാരം വലിയ ആകാംക്ഷ ഉണ്ടായിരിക്കും. വാസ്തവമായി പരീക്ഷ പാസ്സായിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റു വാങ്ങുവാൻ ആകാംക്ഷ പ്രകടിപ്പിക്കുന്നതുപോലെ വാസ്തവമായി രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ യേശുവിലൂടെ മരിച്ച് ഉയിർത്തെഴുന്നേറ്റു സാത്താന്റെ മേൽ നേടിയ വിജയം സ്നാനത്തിലൂടെ ദൃശ്യമാക്കി പ്രഖ്യാപിക്കുവാൻ തീർച്ചയായും നമുക്ക് ആകാംക്ഷ തോന്നും. അപ്പൊസ്തലികകാലത്തു രക്ഷിക്കപ്പെട്ട സകലരും കഴിയുന്നതും വേഗം സ്നാനമേറ്റതിന്റെ കാരണം ഇതായിരുന്നു. അതിനാൽ ഈ ചെറുപുസ്തകം വായിക്കുന്ന നിങ്ങൾ

വാസ്തവമായി യേശുവിൽ വിശ്വസിച്ചു നിങ്ങളുടെ വിശ്വാസം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞിട്ടുണ്ടെങ്കിൽ ആ ഏറ്റുപറച്ചിലിന്റെ അർത്ഥത്തെക്കുറിച്ചു ചിന്തിക്കുക. കർത്താവ് എന്ന പദത്തിന്റെ അർത്ഥം കർത്തൃത്വം അഥവാ ഭരണം നടത്തുന്നയാൾ എന്നതായിരിക്കുന്നതിനാൽ നിങ്ങളുടെ ഹൃദയത്തെ നിയന്ത്രിക്കുന്ന ഭരണാധികാരി യേശുക്രിസ്തുവാണ്; രക്ഷിക്കപ്പെട്ട നിങ്ങളോട് സ്നാനത്തിലൂടെ നിങ്ങളുടെ വിശ്വാസം ദൃശ്യരൂപത്തിൽ പ്രഖ്യാപിക്കുവാൻ യേശുക്രിസ്തു കല്പ്പിച്ചിരിക്കുമ്പോൾ ആ കല്പ്പന ധിക്കരിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ഒരിക്കലുമില്ല. ആ കല്പ്പന സത്യമെന്നറിഞ്ഞിട്ടും അനുസരിക്കരുതെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ യേശുവിനെ കർത്താവായി (ഹൃദയത്തിന്റെ ഭരണാധികാരിയായി) നിങ്ങൾ വാസ്തവമാി സ്വീകരിച്ചിട്ടില്ല എന്നാണർത്ഥം. അർത്ഥം ഗ്രഹിക്കാതെയും ഗ്രഹിച്ചിട്ടു പ്രാധാന്യം കൊടുക്കാതെയും വെറുതെ യേശുവിനെ 'കർത്താവ്' എന്നു വിളിക്കുന്നവരുണ്ട്. അവർ വാസ്തവമായി യേശുവിനെ കർത്താവായി സ്വീകരിച്ചു ദൈവമക്കളായിത്തീർന്നവരല്ല. അവരെക്കുറിച്ചാണ്, "നിങ്ങൾ എന്നെ കർത്താവേ, കർത്താവേ, എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നതെന്ത്?" (ലൂക്കോസ് 6:46) എന്ന് യേശു ചോദിച്ചത്. യേശു കല്പ്പിച്ചിരിക്കുന്നതു ചെയ്യാനാഗ്രഹിക്കാത്തവൻ യേശുവിനെ കർത്താവായി സ്വീകരിച്ചിട്ടില്ല. ഈ പുസ്തകം വായിക്കുന്ന നിങ്ങൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് യേശുവിലൂടെ പാപത്തിനു മരിക്കയും പാപപരിഹാരം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കയും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളുടെ ഹൃദയത്തിലുണ്ടായ പരിവർത്തനം കർത്താവിന്റെ കല്പ്പനപ്രകാരം സ്നാനത്തിലൂടെ ദൃശ്യമാക്കുവാൻ തീർച്ചയായും ആഗ്രഹിക്കും; തീർച്ചയായും സ്നാനമേൽക്കയും ചെയ്യും; സ്നാനമേൽക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ മാത്രമേ ആ കല്പ്പന അനുസരിക്കുവാൻ താമസിക്കയുള്ളൂ. അങ്ങനെ

തടസ്സമുണ്ടെങ്കിൽ ആ തടസ്സത്തെക്കുറിച്ച് സന്തോഷമല്ല, ദുഃഖമാണു നിങ്ങൾക്കുണ്ടാവുക; അതു മാറ്റിത്തരുവാനായി നിങ്ങൾ ദൈവ ത്തോടു പ്രാർത്ഥിക്കും; ദൈവം അതു മാറ്റിത്തരികയോ അതിനെ അതിജീവിക്കാൻ കൃപ തരികയോ ചെയ്യുമ്പോൾ സ്നാനമേൽക്കയും ചെയ്യും. അതുകൊണ്ടാണ്, "വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്ന്, വിശ്വസിക്കുന്നവൻ സ്നാന മേൽക്കാതിരിക്കുകയില്ലെന്ന അർത്ഥത്തിൽ മർക്കോസ് 16:16-ൽ പറ ഞ്ഞിരിക്കുന്നത്.

### ആരുടെ നാമത്തിൽ?

സ്നാനപ്പെടുത്തേണ്ടതും സ്നാനമേൽക്കേണ്ടതും പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരിക്ക ണമെന്നാണ് യേശുക്രിസ്തു കല്പ്പിച്ചിട്ടുള്ളത് (മത്തായി 28:19-20). എന്നാൽ ദൈവം ത്രിയേകനാണ് എന്ന വചനസത്യത്തിനു വേണ്ടത്ര പ്രാധാന്യം കൊടുക്കാത്ത ഒരു വിഭാഗക്കാർ, പിതാവിന്റെയും പരിശു ദ്ധാത്മാവിന്റെയും ദൈവത്വം അവഗണിച്ചുകൊണ്ട്, "യേശുവിന്റെ നാമ ത്തിൽ' മാത്രമേ സ്നാനമേൽക്കാൻ പാടുള്ളൂ എന്നു പഠിപ്പിക്കുന്നു ണ്ട്. സ്നാപകയോഹന്നാൻ നടത്തിയ മാനസാന്തരസ്നാനത്തിൽ നിന്നു വ്യത്യസ്തമാണ് ക്രിസ്തീയസ്നാനം എന്ന ആശയം സ്പഷ്ട മാക്കുന്ന സന്ദർഭത്തിൽ, "യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു" എന്ന് അപ്പൊസ്തല പ്രവൃത്തികൾ 19:1-5-ൽ കാണുന്നത് ഇവർ തങ്ങളുടെ ഉപദേശത്തിനടിസ്ഥാനമായി പറയുന്ന ന്യായമാണ്. 'യേശുവിന്റെ നാമ ത്തിൽ' ഒരു കാര്യം ചെയ്തു എന്നു പറഞ്ഞാൽ യേശുവിന്റെ പൂർണ്ണ മായ അംഗീകാരമുള്ളവിധത്തിൽ ചെയ്തു എന്നാണർത്ഥം. അതി നാൽ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു എന്നു പറഞ്ഞിരിക്കു ന്നതിന്റെ അർത്ഥം യേശു കല്പ്പിച്ചതുപോലെ പിതാവിന്റെയും പുത്ര ന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റു എന്നുത ന്നെയാണെന്ന് ഇതോടുള്ള ബന്ധത്തിൽ ഓർക്കേണ്ടതാണ്. ദൈവ

ത്തിന്റെ ത്രിയേകത്വം വ്യക്തമാക്കുന്ന "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്ന പദപ്രയോഗം സ്നാന വേളയിൽ ഉപയോഗിച്ചാൽ, ദൈവം ത്രികേയനാണെന്നു സമ്മതി ക്കുന്നു എന്നർത്ഥം വരുമെന്ന് വാസ്തവത്തിൽ ഭയപ്പെടുന്നതുകൊ ണ്ടാണ് "യേശുനാമക്കാർ" മത്തായി 28:19നു നേരെ കണ്ണടയ്ക്കുന്ന ത്.

## തെറ്റിദ്ധാരണകളും സാത്താന്യതന്ത്രങ്ങളും

ശരിയായ സ്നാനോപദേശം ക്രിസ്തീയ ലോകത്തിലുള്ള പലരും വേണ്ടവണ്ണം മനസ്സിലാക്കിയിട്ടില്ല. സ്നാനത്തെക്കുറിച്ച് അവ രുടെ മനസ്സിൽ നിരവധി തെറ്റിദ്ധാരണകളുണ്ട്. സാത്താന്യതന്ത്രങ്ങ ളിൽ അവർ അകപ്പെട്ടു കിടക്കുന്നതിനാലാണ് സത്യം മനസ്സിലാക്കു ന്നതിനും തെറ്റിദ്ധാരണകൾ തിരുത്തുന്നതിനും അവർക്ക് കഴിയാതെ പോകുന്നത്. ഈ ദുരവസ്ഥയിൽ നിന്നു മോചനം പ്രാപിക്കുന്നതിന്, സാത്താന്യതന്ത്രങ്ങളുടെ ചില പൊതുസ്വഭാവങ്ങൾ നാം മനസ്സിലാ ക്കുന്നത് വളരെ സഹായകരമായിരിക്കും.

പഴയനിയമത്തിലെ പുറപ്പാട് പുസ്തകം 32-ാം അദ്ധ്യായ ത്തിൽ, സത്യദൈവത്തെ ആരാധിക്കേണ്ടതിനുപകരം യിസ്രായേൽ ജനം ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ ആരാധിച്ചതായും അതിനാൽ അവർ ശിക്ഷിക്കപ്പെട്ടതായും നാം വായിക്കുന്നു. കാളക്കു ട്ടിയെ ഉണ്ടാക്കാൻ അവരുടെ ഹൃദയത്തിൽ പ്രേരണ നൽകിയത് സാത്താനായിരുന്നു എന്നതിന് സംശയമില്ല. കാളക്കുട്ടിയെയുണ്ടാക്കി അത് ദൈവമാണെന്ന് ജനം സങ്കൽപ്പിച്ചാൽ സത്യദൈവത്തെക്കുറിച്ച് അവർ ചിന്തിക്കുകയില്ലെന്ന് സാത്താനറിയാമായിരുന്നു. അതിനാൽ യഥാർത്ഥത്തിൽ ദൈവമല്ലാത്ത ഒന്നിനെ നിർമ്മിച്ച് അതിനു ദൈവ മെന്ന പേരുകൊടുത്ത് അതിനെ സത്യദൈവത്തിനുപകരം പ്രതിഷ്ഠി ക്കാൻ അവൻ പ്രേരണ നൽകി. അങ്ങനെ യിസ്രായേൽ ജനം ഒരു

‘വിഗ്രഹദൈവ’ത്തെ ഉണ്ടാക്കി സത്യദൈവത്തിനുപകരം ആരാധിക്കാൻ തുടങ്ങി. യഥാർത്ഥത്തിലുള്ളതെന്താണോ അതിലേക്കു ജനത്തിന്റെ ശ്രദ്ധ തിരിയാതിരിക്കത്തക്കവണ്ണം അതിനുപകരം അയഥാർത്ഥമായ ഒന്ന് (വിഗ്രഹം) അതിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചു വയ്ക്കുക എന്നത് ഒരു വലിയ സാത്താന്യതന്ത്രമാണ്. ഈ തന്ത്രം വചനത്തിലെ വേറെ ചില ഉപദേശങ്ങളുടെ കാര്യത്തിലും അവൻ പ്രയോഗിച്ചിട്ടുണ്ട്. യഥാർത്ഥത്തിലുള്ള ഒരു ഉപദേശത്തിനു പകരം അയഥാർത്ഥമായ ഒന്നോ അതിലധികമോ വിഗ്രഹോപദേശങ്ങൾക്ക് അവൻ രൂപം കൊടുക്കുന്നു. ആ തന്ത്രത്തിന്റെ ഭാഗമായി യഥാർത്ഥ സ്നാനോപദേശം ദൈവജനം മനസ്സിലാക്കാതിരിക്കുന്നതിനുവേണ്ടി അയഥാർത്ഥമായ ഒരു സ്നാനോപദേശത്തിനു രൂപം കൊടുത്ത് അതിനെ അവൻ ക്രിസ്തീയലോകത്തിൽ അനേകർക്ക് സ്വീകാര്യമാക്കിയിരിക്കുന്നു. “സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക” (അപ്പൊ. പ്രവൃ. 22:16) എന്ന് അനന്യാസ് ശൗലിനോടു പറഞ്ഞതായി വചനത്തിൽ കാണുന്നതിനാൽ സ്നാനമെന്നത് പാപം കഴുകിക്കളയുന്ന ശുശ്രൂഷയാണെന്നും ഒരു ശിശു ജനിച്ചാൽ സ്നാനം നടത്തി അതിനു പാപമോചനം നൽകണമെന്നും[4] സ്നാനമേൽക്കുന്നതിനു മുമ്പ് അതു മരിച്ചു പോയാൽ നിത്യശിക്ഷാവിധിയിലേക്കു പോകുമെന്നും മറ്റും ചിലർ ചിന്തിക്കുന്നു. ഈ ചിന്താഗതിക്കു വചനത്തിൽ അടിസ്ഥാനമില്ല; സ്നാനത്താലാണ് പാപമോചനം കിട്ടുന്നതെങ്കിൽ ക്രൂശിൽ വച്ച് യേശുവിൽ വിശ്വസിക്കുക മാത്രം ചെയ്ത ദുഷ്പ്രവൃത്തിക്കാരനു പാപമോചനം ലഭിക്കുമായിരുന്നില്ല; എന്നാൽ അവൻ

4. നന്മതിന്മകൾ തമ്മിൽ തിരിച്ചറിഞ്ഞു ബോധപൂർവ്വം പാപം ചെയ്തിട്ടില്ലാത്ത ഒരു ശിശു മരിച്ചാൽ അതിന്റെ ആത്മാവു നിത്യനാശത്തിനിരയാകും എന്നു ചിന്തിക്കാൻ വചനത്തിൽ സൂചനയില്ല. മറിച്ചു ചിന്തിക്കുവാൻ സൂചന കാണുന്നുമുണ്ട്. ശിശുക്കളുടെ നിഷ്കളങ്കത ചൂണ്ടിക്കാണിച്ചുകൊണ്ട്, “പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു.” (ലൂക്കോസ് 18:16) എന്നാണു കർത്താവ് പറഞ്ഞത്. ഈ വേദഭാഗം സൂചിപ്പിക്കുന്നത്, ബോധപൂർവ്വം പാപപ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ശിശുക്കൾ മരിച്ചുപോയാൽ അവർ പാപത്തിന്റെ നിത്യശിക്ഷാവിധിക്ക് അർഹരല്ല എന്നും അവർ ദൈവരാജ്യത്തിന് അർഹരാണെന്നുമാണ്.

യേശുവിൽ വിശ്വസിച്ചപ്പോൾ തന്നെ പാപമോചനം പ്രാപിച്ചു. അതിനാൽ പാപപരിഹാരം ലഭിക്കുന്നതു സ്നാനത്താലല്ല, യേശുവിലുള്ള വിശ്വാസത്താലാണെന്നതു സ്പഷ്ടമാണ്. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" എന്ന് 1 യോഹന്നാൻ 1:7-ൽ പറഞ്ഞിരിക്കുന്നതിനാൽ നമ്മുടെ പാപപരിഹാരത്തിന്റെ മുഖാന്തരം ക്രൂശിൽ ചൊരിയപ്പെട്ട യേശുവിന്റെ രക്തമൊന്നു മാത്രമാണെന്നു വ്യക്തമാണ്. "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്" (യോഹന്നാൻ 3:36); "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവ വചനത്താൽതന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രോസ് 1:23) മുതലായ വാക്യങ്ങൾ ഈ സത്യം കൂടുതൽ ഉറപ്പിക്കുന്നു. അപ്പോൾ 'സ്നാനമേറ്റ് നിന്റെ പാപങ്ങൾ കഴുകിക്കളയുക'എന്ന വാക്യത്തിന്റെ അർത്ഥമെന്താണ? യേശുവിന്റെ ക്രൂശുമരണത്തിലുള്ള നിന്റെ വിശ്വാസത്താൽ നിന്റെ പാപം കഴുകിക്കളയപ്പെട്ടു എന്ന വസ്തുത സ്നാനമെന്ന കർമ്മത്തിലൂടെ ദൃശ്യമാക്കിത്തീർക്കുക എന്നു തന്നെയാണ്. എം.എ. പരീക്ഷയ്ക്ക് നല്ല മാർക്കുവാങ്ങി പാസ്സായതായി അറിയുന്ന ആളിനോട്, "ഡിഗ്രി സർട്ടിഫിക്കറ്റു വാങ്ങി എം. എ. ക്കാരനാവുക" എന്നു പറയുന്നതുപോലെ മാത്രമാണ് യേശുവിലുള്ള വിശ്വാസം മൂലം പാപമോചനം കിട്ടിയ ശൗലിനോട് "സ്നാനമേറ്റ് നിന്റെ പാപം കഴുകിക്കളയുക" എന്ന് അനന്യാസ് പറഞ്ഞത്. അബ്രഹാം നീതീകരിക്കപ്പെട്ടത് വിശ്വാസത്താലാണെങ്കിലും വിശ്വാസം പ്രവൃത്തിയിലൂടെ വെളിപ്പെട്ടതിനാൽ, പ്രവൃത്തിയാലാണ് അദ്ദേഹം നീതീകരിക്കപ്പെട്ടത് എന്ന് യാക്കോബ് 2:14-26 വരെ വാക്യങ്ങളിൽ പറയുന്നു. അതുപോലെതന്നെ യേശുവിലുള്ള വിശ്വാസത്താലാണ് നമ്മുടെ പാപം കഴുകിക്കളയപ്പെടുന്നതെങ്കിലും അക്കാര്യം സ്നാനത്തിലൂടെ വെളിപ്പെടുത്തേണ്ടതാവശ്യമായതിനാൽ സ്നാനമേറ്റ് പാപം കഴുകിക്കളയുക എന്ന പദപ്രയോഗം വചനത്തിൽ ഉപ

യോഗിച്ചിരിക്കുന്നു. ഇതു മനസ്സിലാക്കാതെ, സ്നാനമാണ് പാപപരിഹാരമാർഗ്ഗമെന്ന അബദ്ധധാരണയുടെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ളതാണ് ശിശുസ്നാനോപദേശം. സ്നാനമെന്നത് വിശ്വാസത്താൽ യേശുവിലൂടെ മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന ആന്തരികസത്യത്തെ ദൃശ്യരൂപത്തിൽ പുറമേ കാണിക്കുന്ന കർമ്മമായതിനാൽ ആ വിശ്വാസം ഹൃദയത്തിലുണ്ടായിക്കഴിഞ്ഞതിനു ശേഷം മാത്രമെ ആ കർമ്മം അനുഷ്ഠിക്കാനൊക്കുകയുള്ളൂ. ഹൃദയത്തിനുള്ളിൽ ഉണ്ടായിട്ടില്ലാത്ത വിശ്വാസം പുറത്തു കാണിക്കാനൊക്കുകയില്ല. അതിനാൽ യേശുവിലുള്ള വിശ്വാസം ദൃശ്യരൂപ്തിൽ സ്നാനം മൂലം പുറമെ കാണിക്കണമെങ്കിൽ ആദ്യം ആ വിശ്വാസം ഹൃദയത്തിലുണ്ടാകണം. ആ വിശ്വാസം ഹൃദയത്തിലുണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത ഒരു ശിശുവിനെ സ്നാനപ്പെടുത്തിയാൽ അത് വാസ്തവത്തിലുള്ള സ്നാനമായിരിക്കുകയില്ല. യാതൊരു പ്രയോജനവുമില്ലാത്ത ഒരു കർമ്മം മാത്രമായിരിക്കും. എന്നാൽ സ്നാനമാണ് പാപപരിഹാർമാർഗ്ഗമെന്ന തെറ്റിദ്ധാരണ നിമിത്തം സ്നാനമല്ലാത്ത ഒരു കർമ്മത്തെ യഥാർത്ഥത്തിലുള്ള സ്നാനത്തിനുപകരമായി ക്രിസ്തീയലോകം ഭക്തിപൂർവ്വം അനുഷ്ടിക്കുന്ന കാഴ്ചയാണ് നാം ഇന്നു കാണുന്നത്. സത്യദൈവത്തിലേക്ക് യിസ്രായേൽ ജനത്തിന്റെ ശ്രദ്ധ തിരിയാതിരിക്കുന്നതിനായി കാളക്കുട്ടിയെ ഉണ്ടാക്കാൻ സാത്താൻ ഇടവരുത്തി. ഇതുപോലെതന്നെ യഥാർത്ഥത്തിലുള്ള സ്നാനോപദേശത്തിലേക്ക് ആളുകളുടെ ശ്രദ്ധ തിരിയാതിരിക്കുന്നതിനായി അതിന്റെ സ്ഥാനത്ത് അയഥാർത്ഥമായ ഒരു സ്നാനോപദേശം കാണപ്പെടുവാൻ അവൻ ഇടവരുത്തിയിരിക്കയാണ്. അവന്റെ ഈ വഞ്ചന മനസ്സിലാക്കി യഥാർത്ഥ സ്നാനോപദേശം സ്വീകരിച്ചനുസരിക്കുവാനും അയഥാർത്ഥമായത് ഉപേക്ഷിക്കുവാനും ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. വിശ്വാസത്താൽ യേശുവിലൂടെ നാം മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിരിക്കുന്നുഎന്ന സത്യം സ്നാനത്തിലൂടെ പ്രഖ്യാപിക്കുമ്പോൾ യേശുവിലൂടെ നമുക്കു ലഭിച്ച വിജയം നാം

പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്. ഇത് സാത്താനെ സംബന്ധിച്ചിടത്തോളം അവനു സംഭവിച്ച പരാജയത്തിന്റെ പ്രഖ്യാപനമാണ്. അതുകൊണ്ടാണ്, തന്റെ പരാജയം പ്രഖ്യാപിക്കുന്ന യഥാർത്ഥ ക്രിസ്തീയ സ്നാനം ആരും നടത്താതിരിക്കുന്നതിനായി അതിൽനിന്ന് മനുഷ്യരുടെ ശ്രദ്ധ തിരിക്കത്തക്കവണ്ണം അയഥാർത്ഥമായ ഒരു സ്നാനോപദേശത്തിന് അവൻ രൂപം കൊടുത്തിട്ടുള്ളത്.

## ചരിത്രപശ്ചാത്തലം

ശിശുവിന്റെ മേൽ അല്പം വെള്ളം പുരട്ടുകയോ തളിക്കുകയോ ചെയ്തുകൊണ്ട് ശിശു ക്രിസ്തീയ വിശ്വാസിയായിത്തീർന്നു എന്നും ശിശുവിനു പാപമോചനം ലഭിച്ചു എന്നും പറയുന്നത് വളരെ വലിയ ഒരു തെറ്റാണ്. ദൈവം തന്നിരിക്കുന്ന കല്പന വികലമാക്കുക, അസത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്യുക, ദൈവം വാസ്തവമായി കല്പിച്ചിരിക്കുന്നത് അനുസരിക്കാതെ ഒഴിഞ്ഞുമാറുക, വചനം ധിക്കരിച്ചുകൊണ്ടു ദൈവത്തോട് അനാദരവു കാണിക്കുക എന്നീ നിരവധി തെറ്റുകൾ ഉൾക്കൊള്ളുന്ന ഒരു പ്രവൃത്തിയാണിത്. എന്നാൽ ഇത് വളരെ ഭക്ത്യാദരങ്ങളോടെ ഇക്കഴിഞ്ഞ 1800-ൽപരം വർഷങ്ങൾ ക്രിസ്തീയ ലോകത്തിൽ അനുഷ്ഠിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ 'കണ്ടുപിടിത്തം' നടന്നത് രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിലായിരുന്നു എന്നാണ് സഭാചരിത്രത്തിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്. സ്നാനത്തിന്റെ അർത്ഥവും ഉദ്ദേശ്യവും എന്താണെന്ന് മനസ്സിലാക്കാതിരുന്ന, സ്നാനം പാപമോചനമാർഗ്ഗമാണെന്നു തെറ്റിദ്ധരിച്ചിരുന്ന നിരവധി ആളുകൾ രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ക്രൈസ്തവസഭയിലുണ്ടായിരുന്നു. ശിശു ജനിച്ചിട്ട് അധികം താമസിയാതെ തന്നെ പാപമോചനം പ്രാപിച്ചുകൊള്ളട്ടെ എന്നും സ്നാനത്തിന്റെ രീതി നമ്മുടെ സൗകര്യമനുസരിച്ചു വ്യത്യാസപ്പെടുത്തിയാൽ ദൈവം അതു തെറ്റായി പരിഗണിക്കുകയില്ല എന്നും മറ്റും അവർ

ചിന്തിച്ചു. അങ്ങനെ അവർ ശിശുക്കൾക്ക് വളരെ സൗകര്യപ്രദമായ തരത്തിലുള്ള സ്നാനം (മാമോദീസ) നൽകാൻ തുടങ്ങി. നദിയിൽ ചെന്നു ശരീരം മുഴുവൻ മുങ്ങുവാൻ ഇടയാക്കുന്ന സ്നാനത്തേക്കാൾ എത്രയോ സൗകര്യപ്രദമായ സ്നാനമാണ് ഏതാനും തുള്ളി വെള്ളം കൊണ്ടുള്ള ഈ സ്നാനം എന്ന് അവർ ചിന്തിച്ചു കാണും. അങ്ങനെ ശിശുമാമോദീസ എ.ഡി. മൂന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തീയ ലോക ത്തിൽ വളരെ വ്യാപകമായിത്തന്നെ അനുഷ്ഠിക്കപ്പെടാൻ തുടങ്ങി. 14–ാം നൂറ്റാണ്ടിൽ സഭാനവീകരണത്തിന്റെ പ്രകാശകിരണങ്ങൾ യൂറോപ്പിൽ അവിടവിടെ മനുഷ്യരുടെ ഹൃദയക്കണ്ണുകളിൽ പതിച്ച തോടുകൂടിയാണ് യഥാർത്ഥ ക്രിസ്തീയ സ്നാനം എന്താണെന്നും എങ്ങനെയാണെന്നും അതിന്റെ അർത്ഥമെന്താണെന്നും ഉദ്ദേശ്യമെ ന്താണെന്നും മറ്റും ആളുകൾ മനസ്സിലാക്കാൻ തുടങ്ങിയത്. 1800 വർഷ ങ്ങൾ യഥാർത്ഥ ക്രിസ്തീയ സ്നാനത്തെ മറച്ചുപിടിച്ചു, ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു വഴി തെറ്റിച്ചുകൊണ്ടിരിക്കുന്ന ഈ കർമ്മം ഇനി ക്രിസ്തീയ ലോകത്തിൽ തുടർന്നു നിലനിൽക്കുവാൻ അനുവദിക്ക പ്പെടരുത്. ശിശുവായിരുന്നപ്പോൾ നൽകപ്പെട്ട അയഥാർത്ഥ സ്നാനം കൊണ്ടു തൃപ്തിപ്പെടാതെ, യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയുകയും ആ ഏറ്റുപറച്ചിലിന്റെ അടിസ്ഥാനത്തിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു കൊണ്ടുള്ള സദ്ജീവിതം നയിക്കാൻ സ്വയം സമർപ്പിക്കുകയും ചെയ്തുകൊണ്ട്, ശരിയായ ക്രിസ്തീയ സ്നാനം ഏൽക്കാൻ നാം തയ്യാറാകണം. അതു നാം എല്ലാവരും ചെയ്താൽ അയഥാർത്ഥ ക്രിസ്തീയസ്നാനം (ശിശുമാ മോദീസ) ക്രിസ്തീയ ലോകത്തിൽനിന്ന് അപ്രത്യക്ഷമാകും. [യ ഥാർത്ഥ ക്രിസ്തീയ സ്നാനം സ്വീകരിക്കാൻ ആത്മാർത്ഥമായി ആഗ്ര ഹിക്കുന്ന എല്ലാവർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഞങ്ങ ളുടെ പക്കൽനിന്നു ലഭ്യമാണ്].

## വചനത്തോടു കൂട്ടുചേർക്കൽ

യഥാർത്ഥ സ്നാനോപദേശം സ്വീകരിക്കുന്നതിൽനിന്ന് നമ്മെ പിന്തിരിപ്പിക്കുന്നതിനായി ശിശുസ്നാനം കൂടാതെ വേറെയും തന്ത്ര ങ്ങൾ സാത്താൻ പ്രയോഗിച്ചിട്ടുണ്ട്. ദൈവവചനത്തോടു കൂട്ടു ചേർക്കുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ ഇത് ചെയ്തിരിക്കുന്നത്. 1 തിമോഥെയോസ് 2:9-10; 1 പത്രോസ് 3:3-6 എന്നീ വേദഭാഗങ്ങൾ ദൈവജനത്തെ തെറ്റിദ്ധരിപ്പിച്ച്, വാസ്തവത്തിൽ വച നത്തിലില്ലാത്ത ഒരു വ്യവസ്ഥ സ്നാനോപദേശത്തോടു കൂട്ടിച്ചേർക്കു ന്നതിൽ അവൻ വിജയിച്ചു കാണുന്നുണ്ട്; ദൈവമക്കൾ പൊന്നും വസ്ത്രവും മറ്റും അലങ്കാരമായി ഉപയോഗിക്കരുതെന്നും അവരുടെ അലങ്കാരം സൽസ്വഭാവം അഥവാ സൽപ്രവൃത്തികൾ ആയിരിക്കണ മെന്നും ഈ വേദഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്; അലങ്കാരമെന്നു പറഞ്ഞാ ലെന്താണ്, ഒരു വസ്തു അലങ്കാരമാണോ അല്ലയോ എന്നു തിരിച്ചറി യുന്നതിന്റെ മാനദണ്ഡമെന്താണ്, എന്നൊന്നും ചിന്തിക്കാതിരുന്നാൽ ഈ വാക്യങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാകയില്ല. മറ്റുള്ളവ രുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കാൻ പര്യാപ്തമായവിധ ത്തിൽ സാധാരണയിൽ കവിഞ്ഞ ശ്രേഷ്ഠത നമുക്കു പ്രദാനം ചെയ്യുന്ന ഉപാധികൾക്കു മാത്രമേ അലങ്കാരമെന്നു ഭാഷയിൽ പറക യുള്ളൂ. സാധാരണത്വം മാത്രം പ്രദാനം ചെയ്യുന്ന വസ്തുക്കൾ അല ങ്കാരങ്ങളല്ല; സാധാരണയിൽ മെച്ചമായ വിധത്തിൽ വസ്ത്രവും ആഭ രണങ്ങളും ഒക്കെ അണിഞ്ഞ് അവമൂലം മറ്റുള്ളവരുടെ മുമ്പാകെ അസാധാരണ ശ്രേഷ്ഠത കൈവരിക്കാൻ ശ്രമിക്കരുത്; സാധാരണ യിൽ വളരെ മികച്ച നിലയിലുള്ള സൽസ്വഭാവം പ്രദർശിപ്പിച്ചും സൽപ്രവൃത്തികൾ ചെയ്തും വേണം ദൈവമക്കൾ മറ്റുള്ളവരെ അപേ ക്ഷിച്ചു കൂടുതൽ ശ്രേഷ്ഠതയുള്ളവരായിത്തീരേണ്ടത് എന്നാണ് ഈ

വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത്. സാധാരണ നിലയിലുള്ള ആഭരണധാരണം അലങ്കാരമല്ല; കാരണം മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കാനല്ല, പിന്നെയോ, നാം ആരുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടാതിരിക്കാൻ മാത്രമാണ് അതുപകരിക്കുന്നത്. അങ്ങനെയുള്ള, അലങ്കാരമല്ലാത്ത ആഭരണധാരണം പാടില്ലെന്ന് ഈ വേദഭാഗങ്ങളിൽ ഒരു സൂചനപോലുമില്ല.[5] സ്നാനമേൽക്കുന്നതിനുള്ള യോഗ്യതയായി വചനത്തിൽ പറഞ്ഞിരിക്കുന്ന ഏകവ്യവസ്ഥ യേശുവിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ച് ആ വിശ്വാസം ഏറ്റുപറയുക എന്നതാണ്. അതിനോട് എന്തെങ്കിലും കൂട്ടുചേർത്ത്, രക്ഷിക്കപ്പെട്ടശേഷം സ്നാനമേൽക്കാനാഗ്രഹിക്കുന്നവരുടെ മുമ്പിൽ അനാവശ്യതടസ്സങ്ങൾ കൊണ്ടുവയ്ക്കുവാൻ ആർക്കും ഒരധികാരവുമില്ല. പാരമ്പര്യങ്ങളെക്കാളധികം യേശുക്രിസ്തുവിനെയാണനുസരിക്കേണ്ടത് എന്ന് ഓർക്കുന്നവർ ഇപ്രകാരം തടസ്സങ്ങൾ വയ്ക്കുകയില്ല. യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരോ, ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവസഭയോ, 1831-ൽ ഇംഗ്ലണ്ടിലെ പ്ലിമത്തിൽ കൂടിവരാനാരംഭിക്കുകയും പിന്നീട് ലോകവ്യാപകമായിത്തീരുകയും ചെയ്ത ബ്രദറൺ സമൂഹമോ, സ്നാനത്തിനും കർത്തൃമേശയ്ക്കുമുള്ള യോഗ്യതയുടെ ഭാഗമായി ആഭരണവർജ്ജനം ഒരിക്കലും ഒരിടത്തും ഉപദേശിച്ചിട്ടില്ല എന്നത് പ്രത്യേകം സ്മരണീയമാണ്. അവർ

---

5. സാമ്പത്തിക സാംസ്കാരിക കാരണങ്ങളാൽ ആഭരണവർജ്ജനം പാലിക്കുന്നതു നല്ലതാണ്; എന്നാൽ ദൈവമക്കൾ ആഭരണമുപേക്ഷിക്കണമെന്നു വചനത്തിൽ പ്രമാണമുണ്ടെന്നു പറയുന്നതു സത്യമല്ല. ഒൻപതു സ്നാനശുശ്രൂഷകൾ 'അപ്പൊസ്തലപ്രവൃത്തികളി'ൽ വിവരിക്കപ്പെട്ടിരിക്കുന്നു; ഇവയിൽ ഒന്നിലും സ്നാനപ്പെടാൻ തയ്യാറായവരെക്കൊണ്ട് ആഭരണം ഊരിപ്പിച്ചതായിക്കാണുന്നില്ല. അലങ്കാരമായി പൊന്നും വസ്ത്രവും ഉപയോഗിക്കാതെ സൽസ്വഭാവം അലങ്കാരമായി ഉപയോഗിച്ചയാളെന്ന് 1 പത്രോസ് 3:5-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അബ്രാമിന്റെ ഭാര്യയായ സാറാ അപ്രകാരം ചെയ്യുന്നതിന് ആഭരണവർജ്ജനം നടത്തിയില്ലെന്നാണ് വചനത്തിൽ നിന്നു മനസ്സിലാകുന്നത്.

ഉപദേശിച്ചത് വസ്ത്രങ്ങളുടെ കാര്യത്തിലെന്നതുപോലെതന്നെ ആഭരണങ്ങളുടെ കാര്യത്തിലും വിശ്വാസികൾ മിതത്വം പാലിക്കണമെന്നു മാത്രമായിരുന്നു.

## സ്നാനത്തിന്റെ ഉദ്ദേശ്യം

ചിലർ സ്നാനത്തെക്കുറിച്ചു തെറ്റിദ്ധരിച്ചിരിക്കുന്നത് ദിവ്യമായ അനുഗ്രഹങ്ങൾ നേടിത്തരുന്ന, ദിവ്യനായ ഒരു പുരോഹിതൻ നിർവ്വഹിക്കുന്ന, എന്തൊക്കെയോ നിഗൂഢതകൾ ഉൾക്കൊള്ളുന്ന ഒരു അത്ഭുതകർമ്മമാണത് എന്നാണ്. ഇതു വലിയൊരു അബദ്ധധാരണയാണെന്നു നാം കണ്ടുകഴിഞ്ഞു. വിശ്വാസത്താൽ യേശുക്രിസ്തുവിലൂടെ നാം പ്രാപിച്ച പാപപരിഹാരം ദൃശ്യരൂപത്തിൽ പ്രഖ്യാപിച്ച് പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം മോചനം നേടിയ വസ്തുത നമുക്കുതന്നെ വ്യക്തമായി ബോധ്യം വരുത്തുന്ന കർമ്മമാണിതെന്നു നാം കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിലേക്കു പകർന്ന നിത്യജീവന്റെ ശക്തിയിൽ, പാപത്തിന്റെ വശീകരണങ്ങൾക്കു കീഴ്പ്പെടാതെ, എപ്പോഴും ദൈവാത്മാവിനെ അനുസരിച്ചുകൊണ്ട് ദൈവേഷ്ടപ്രകാരം ജീവിക്കുവാനുള്ള നമ്മുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന കർമ്മമാണിതെന്നുള്ളതാണ് ഇതിന്റെ യഥാർത്ഥ പ്രാധാന്യം. ഈ സ്വാതന്ത്യം പ്രയോജനപ്പെടുത്തിക്കൊണ്ട് “ജീവന്റെ പുതുക്കത്തിൽ” യേശുക്രിസ്തുവിന്റെ ശിഷ്യനായി വിശുദ്ധജീവിതം നയിക്കാൻ സാധിക്കുക എന്നതാണ് റോമർ 6:4–5 വാക്യങ്ങൾ പ്രകാരം ഈ കർമ്മത്തിന്റെ ഉദ്ദേശ്യം. “ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു” എന്ന് ഗലാത്യർ 3:27–ൽ പറഞ്ഞിരിക്കുന്നതനുസരിച്ച്, സ്നാനമേറ്റവർ ക്രിസ്തുവിന്റെ സ്വഭാവം (ഗലാത്യർ 5:22ൽ വിവരിച്ചിരിക്കുന്ന ആത്മാവിന്റെ ഫലം) ഉള്ളവരായി, ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുത്തുകൊണ്ട് ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

അങ്ങനെ ജീവിക്കുവാൻ കഴിയുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും ചുമതലയും നമുക്കുണ്ടെന്ന് ക്രിസ്തീയസ്നാനം പ്രഖ്യാപിക്കുന്നു. അങ്ങനെതന്നെ ജീവിക്കുവാൻ സ്നാനമേറ്റവർക്കു ബാധ്യതയുണ്ട്. അങ്ങനെയുള്ള ജീവിതം നയിക്കുക എന്നതാണ് സ്നാനത്തിന്റെ ഉദ്ദേശ്യം.

## പുതിയ സൃഷ്ടി

യേശുക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിച്ച് ആത്മികമായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന പ്രഖ്യാപനമാണ് ക്രിസ്തീയ സ്നാനം എന്ന് നാം കണ്ടു കഴിഞ്ഞു. ഈ വസ്തുത അംഗീകരിച്ച് ദൈവാത്മാവിനു കീഴ്പെട്ടുകൊണ്ട് പരിശുദ്ധാത്മഫലം[6] നിറഞ്ഞവരായി ജീവിക്കുവാനും യേശുക്രിസ്തുവിന്റെ നല്ല ഭടന്മാരായി[7] പാപമോചനത്തിന്റെയും ആത്മരക്ഷയുടെയും സത്യമാർഗ്ഗം ലോകത്തെ അറിയിച്ചുകൊണ്ട് മുമ്പോട്ടുപോകുവാനും വചനപ്രകാരമുള്ള ദൈവാരാധനയിൽ പങ്കുകൊണ്ട് ശരിയായ വിധത്തിലുള്ള ക്രിസ്തീയ ജീവിതം നയിക്കുവാനും സ്നാനമേറ്റ എല്ലാവർക്കും ചുമതലയുണ്ട്. അതിനാലാണ് ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനു നമ്മെ സഹായിക്കുന്ന കർമ്മമാണ് ക്രിസ്തീയ സ്നാനമെന്ന് റോമർ 6:4-5 വാക്യങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സ്നാനമേറ്റശേഷം യേശുക്രിസ്തുവിന്റെ സാക്ഷിയായി ജീവിച്ചുകൊണ്ട് വചനപ്രകാരമുള്ള ദൈവാരാധനയിൽ പങ്കുകൊള്ളുവാനും യേശുമൂലമുള്ള രക്ഷയുടെ സന്ദേശം മറ്റുള്ളവരെ അറിയിച്ചുകൊണ്ടിരിക്കുവാനും ഒരാൾക്ക് ചുമതലയുണ്ട്

---

6. "ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈവകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല." ഗലാത്യർ 5:22-23.

7. "എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക.. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക" (2 തിമോഥെയോസ് 2:1-3)

എന്ന കാര്യം വളരെ പ്രധാനമാണ്. അത് ചെയ്യാൻ ഒരാൾ കൂട്ടാക്കാതിരിരുന്നാൽ അത് ദൈവമുമ്പാകെ വലിയ തെറ്റായിരിക്കും. ഈ തെറ്റ് സംഭവിക്കാൻ അനുവദിക്കരുത്. എങ്കിൽ മാത്രമേ "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു" (2. കൊരിന്ത്യർ 5:17) എന്ന വേദവാക്യം സ്നാനമേൽക്കുന്നയാളിന്റെ ജീവിതത്തിൽ യഥാർത്ഥമാവുകയുള്ളു.

## സ്നാനവും പ്രാദേശിക സഭയും

യേശുക്രിസ്തുവിനോടു വിശ്വാസത്താൽ ഒരുവൻ ചേർന്നിരിക്കുന്നു എന്ന അദൃശ്യസത്യത്തെ ദൃശ്യരൂപത്തിൽ പ്രഖ്യാപിക്കുന്ന കർമ്മമാണ് സ്നാനം എന്നു നാം നേരത്തെ കണ്ടുവല്ലോ. യേശുവിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും തന്റെ വിശ്വാസം ഈ കർമ്മത്തിലൂടെ പ്രഖ്യാപിക്കുവാൻ ദൈവം അവകാശവും ചുമതലയും തന്നിട്ടുണ്ട്. പരീക്ഷ പാസ്സായവനു സർട്ടിഫിക്കറ്റു കിട്ടുവാൻ അവകാശമുള്ളതുപോലെയേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടുള്ള ഏതൊരാൾക്കും സ്നാനപ്പെടുവാനവകാശമുണ്ട്. ഇതിൻപ്രകാരം ഒരാൾ സ്നാനമേൽക്കുമ്പോൾ അയാൾ യേശുക്രിസ്തുവിനോട്, അഥവാ സ്ഥലകാലപരിമിതികൾക്കതീതമായി നിലകൊള്ളുന്ന യേശുക്രിസ്തുവിന്റെ സാർവ്വത്രികസഭയോടു ചേർന്നിരിക്കുന്നു എന്ന സത്യമാണ് പ്രഖ്യാപിക്കുന്നത്; ഏതെങ്കിലും പ്രാദേശികസഭയോടു ചേർന്നിരിക്കുന്നു എന്ന പ്രഖ്യാപനമല്ല അയാൾ നടത്തുന്നത്. അയാൾ യേശുക്രിസ്തുവിന്റെ സാർവ്വത്രികസഭയോടു ചേർന്നിരിക്കുന്നു എന്ന സത്യം സ്നാനത്തിലൂടെ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടാണ് സാർവ്വത്രികസഭയുടെ ഒരു ചെറിയ ഘടകമായ പ്രാദേശിക സഭയോടു ചേർന്നു മുമ്പോട്ടു പോകുന്ന പ്രശ്നമുദിക്കുന്നത്. അതിനാൽ ഒരു പ്രാദേശിക സഭയുടെ അംഗത്വം സ്വീകരിക്കാൻ സമ്മതിക്കുക എന്നത് സ്നാനത്തിനുള്ള യോഗ്യതയുടെ ഒരു ഭാഗമായി വാസ്തവത്തിൽ ഇരിക്കുന്നില്ല. അപ്പൊ. പ്രവൃ. 8-ാം അദ്ധ്യായത്തിൽ

വിവരിച്ചിരിക്കുന്ന എത്യോപ്യക്കാരനായ ഷണ്ഡന്റെ മാനസാന്തരവും സ്നാനവും ഈ വസ്തുത തെളിയിക്കുന്നു. ഉചിതമായ വിധത്തിൽ സ്നാനമേൽക്കുവാൻ സഹായിക്കുക എന്നത് രക്ഷയുടെയും സ്നാനത്തിന്റെയും ഉപദേശം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നവരുടെ ചുമതലയാണ്. സ്നാനമേൽക്കുന്നയാളിനെ ദൈവവചനപ്രകാരം മുമ്പോട്ടുപോകാൻ സഹായിക്കുന്ന ഒരു പ്രാദേശിക സഭയുമായി ബന്ധപ്പെടുത്തുന്നതും അവരുടെ ചുമതലയിൽപ്പെടുന്നു.

## നിങ്ങളുടെ ആവശ്യം

ഈ ചെറുപുസ്തകം വായിക്കുന്ന നിങ്ങൾ വാസ്തവമായി യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് യേശുവിലൂടെ പാപത്തിനു മരിക്കയും പാപപരിഹാരം പ്രാപിച്ച് യേശുവിലൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ സംഭവിച്ച ആ പരിവർത്തനം കർത്താവിന്റെ കൽപ്പന പ്രകാരം സ്നാനത്തിലൂടെ ദൃശ്യമാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എത്രയും വേഗം ആ പ്രഖ്യാപനം നടത്തുവാൻ നിങ്ങൾ തയ്യാറാകേണ്ടതാണ്. തടസ്സങ്ങളുണ്ടെങ്കിൽ കർത്താവിനോട് ആലോചന ചോദിച്ച് അവൻ കാണിച്ചുതരുന്ന മാർഗ്ഗത്തിലൂടെ ആ തടസ്സങ്ങളെ അതിജീവിച്ചുകൊണ്ടുതന്നെ സാത്താന്റെമേൽ നിങ്ങൾ നേടിയിരിക്കുന്ന വിജയം ധൈര്യത്തോടെ പ്രഖ്യാപിക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനാവശ്യമായ കൃപ നിങ്ങൾക്കു നൽകുമാറാകട്ടെ. സ്നാനം ഏറ്റിട്ടുള്ള മാന്യവായനക്കാർ ക്രിസ്തുവിനെ ധരിച്ചവരായി ലോകത്തിൽ കാണപ്പെടുവാൻ തക്കവണ്ണം ദൈവവചനം പൂർണ്ണമായി അനുസരിച്ചുകൊണ്ടു ജീവിക്കുവാനും ദൈവം ഇടയാക്കട്ടെ.